പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2823 14.2.2013 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.ബെന്നി ബെഹനാൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ)പട്ടികജാതി സങ്കേതങ്ങളെ സ്വയം പര്യാപ്തമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കോളനികളിൽ അൻപതോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് സമഗ്ര വികസന പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ആകെ 436 കോളനികൾ ഇത്തരത്തിൽ നിലവിലുണ്ടെങ്കിലും ആദ്യഘട്ടമെന്ന നിലയ്ക്ക് 120 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. കോളനി ഒന്നിന് ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സർക്കാർ അക്രഡിറ്റഡ് ഏജൻസികളെ പ്രസ്തുത കോളനിയിലെ വികസന പ്രവർത്തനങ്ങളുടെ ചുമതല ഏൽപിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. |
| (ബി)പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ്പ്ലാന്റ്, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ. |

| | | |
|---|---|---|
| (സി)ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | (സി) | ചുവടെ ചേർത്തിരിക്കുന്ന സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ മുഖാന്തിരമാണ് ടി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>1) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര<br>2) ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ<br>3) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO)<br>4) കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ് (KITCO)<br>5) കേരള ലാന്റ് ഡെവല്പ്പ്മെന്റ് കോർപ്പറേഷൻ.<br>6) പോലീസ് ഹ ൗ സിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ.<br>7) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>8) കേരള സ്റ്റേറ്റ് ഹ ൗ സിംഗ് ബോർഡ്.<br>9) സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>10) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.<br>11) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവ മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി)പദ്ധതി നടത്തിപ്പിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | കോളനികളിൽ നടത്തേണ്ട വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാക്കുകയും അവ അതാതു ജില്ലാ ഓഫീസർമാരുടെ ശുപാർശ സഹിതം ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ടി ഏജൻസികളുമായി ധാരണപത്രം ഒപ്പുവയ്ക്കുകയും വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.